"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫിനാൻഷ്യൽ അസിസ്റ്റന്റ് (കെഎഎസ്) തസ്തികയുടെ പൂർണ്ണ അധിക ചുമതല അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന് നൽകിയ നടപടി - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3015/2025/GAD തീയതി, തിരുവനന്തപുരം, 11-07-2025

---

പരാമർശം:
1. സ.ഉ. (സാധാ) നം. 1101/2025/പൊഭവ തീയതി, 14.03.2025.
2. പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 24.03.2025 - ലെ SECCRD/319/2025-E1-PWD നമ്പർ നടപടിക്രമം.
3. സ.ഉ. (സാധാ) നം. 2089/2025/പൊഭവ തീയതി, 14.05.2025.
4. പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 28.04.2025 - ലെ 876344/23/01 നമ്പർ നടപടിക്രമം.
5. പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 30.06.2025 - ലെ SECCRD/21/2025-E1-PWD നമ്പർ കത്തുകൾ.

**ഉത്തരവ്**

പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ശ്രീ. ജോഷോ ബെന്നറ്റ് ജോൺ കെഎഎസ് - നെ പരാമർശം (1) പ്രകാരം സ്ഥലംമാറ്റി നിയമിച്ചപ്പോൾ പ്രസ്തുത തസ്തികയുടെ അധിക ചുമതല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയ ശ്രീ. ജയ്സൺ ജേക്കബിന് കൈമാറിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ടായിരുന്നു. അതനുസരിച്ച് ശ്രീ. ജയ്സൺ ജേക്കബ് 24.03.2025 അപരാഹ്നം മുതൽ പ്രസ്തുത തസ്തികയുടെ ചാർജ് ഏറ്റെടുക്കുകയും, ശ്രീ. ജോഷോ ബെന്നറ്റ് ജോൺ കെഎഎസ് - ന്റെ പകരം ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ പരാമർശം (1) പ്രകാരം നിയമിക്കപ്പെട്ട ശ്രീ. ജയൻ റ്റി. കെഎഎസ് ജോലിയിൽ പ്രവേശിക്കാൻ ഹാജരായ 11.04.2025 പൂർവ്വാഹ്നം മുതൽ പ്രസ്തുത തസ്തികയുടെ ചാർജ് തിരികെ നൽകുകയും ചെയ്തിരുന്നു. കൂടാതെ, ശ്രീ. ജയൻ റ്റി. കെഎഎസ് പരാമർശം (3) പ്രകാരം ആർജ്ജിതാവധിയിൽ പ്രവേശിച്ചതിന്റെ ഭാഗമായി 28.04.2025 അപരാഹ്നം മുതൽ 29.05.2025 പൂർവ്വാഹ്നം വരെയുള്ള കാലയളവിലും പരാമർശം (4) പ്രകാരം ശ്രീ. ജയ്സൺ ജേക്കബ് ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയുടെ പൂർണ അധിക ചുമതല വഹിച്ചിട്ടുണ്ടായിരുന്നു. മേൽ സൂചിപ്പിച്ചിരിക്കുന്ന രണ്ട് കാലയളവിലും ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിനുവേണ്ടി അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയ

ശ്രീ. ജയ്സൺ ജേക്കബിന് ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയുടെ പൂർണ അധിക ചുമതല നൽകിയ ഉത്തരവുകൾ സാധൂകരിച്ച് നൽകണമെന്ന് പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ പരാമർശം (5) പ്രകാരം സർക്കാരിലേക്ക് അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫിനാൻഷ്യൽ അസിസ്റ്റന്റ് (കെഎഎസ്) തസ്തികയുടെ പൂർണ്ണ അധിക ചുമതല, ശ്രീ. ജോഷോ ബെന്നറ്റ് ജോൺ കെഎഎസ് - ന്റെ സ്ഥലംമാറ്റത്തെ തുടർന്നും ശ്രീ. ജയൻ റ്റി. കെഎഎസ് ആർജ്ജിതാവധിയിൽ പ്രവേശിച്ചതിനെത്തുടർന്നുമുള്ള കാലയളവുകളിൽ ടി കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയ ശ്രീ. ജയ്സൺ ജേക്കബിന് നൽകി ഉത്തരവായ പരാമർശം (2), (4) നടപടിക്രമങ്ങൾ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ്.സി.ഡി
അഡിഷണൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, നിരത്തുകൾ വിഭാഗം, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ, നിരത്തുകൾ വിഭാഗം, മദ്ധ്യമേഖല, പൊതുമരാമത്ത് വകുപ്പ്, ആലുവ - 683101 [പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം) ചീഫ് എഞ്ചിനീയർ മുഖേന].
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 11-07-2025 14:54:54
സെക്ഷൻ ഓഫീസർ